# കൊല്ലം റൂറലിൽ ശിശു സൗഹൃദം പോലീസ് സ്റ്റേഷനുകൾ നിലവിൽ വന്നു

==========================================================================

കേരള സംസ്ഥാന പോലീസ് മേധാവി ഇന്ന് കേരളത്തിലാകെ 75 പോലീസ് പോലീസ് സ്റ്റേഷനുകളാണ് ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളായി പ്രഖ്യാപിച്ചത്. 16-07-2020 രാവിലെ 10 മണിക്ക് വീഡിയോ കോൺഫറൻസിലൂടെയാണ് സംസ്ഥാന പോലീസ് മേധാവി ശിശു സൗഹൃദം പോലീസ് സ്റ്റേഷനുകൾ ഉദ്ഘാടനം ചെയ്തത്. ഇതിന്റെ ഭാഗമായി കൊല്ലം റൂറൽ ജില്ലയിലെ 6 പോലീസ് സ്റ്റേഷനുകൾ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളായി പ്രഖ്യാപിച്ചു. കൊട്ടാരക്കര, പുത്തൂർ, പൂയപ്പള്ളി, കടയ്ക്കൽ, പുനലൂർ, തെന്മല എന്നീ പോലീസ് സ്റ്റേഷനുകളാണ് ശിശു സൗഹൃദ സ്റ്റേഷനുകളായി പ്രഖ്യാപിച്ചത്. പോലീസ് സ്റ്റേഷനുകളിലെത്തുന്ന അമ്മമാർക്കും കുട്ടികൾക്കും വിശ്രമിക്കുന്നതിനും മാനസ്സികോല്ലാസത്തിനുമുള്ള സൗകര്യങ്ങളും കുട്ടികൾക്കായുള്ള പുസ്തകങ്ങളടങ്ങിയ ചെറു വായനശാലയും, കളിക്കോപ്പുകളും അടങ്ങിയതാണ് ശിശു സൗഹൃദം പോലീസ് സ്റ്റേഷനുകൾ. കുട്ടികളുടെ കൗൺസിലിംഗിന് പ്രത്യേക സൗകര്യങ്ങൾ ഉണ്ടായിരിക്കും. കുട്ടികൾക്ക് പൊതുവിലും പെൺകുട്ടികൾക്ക് പ്രത്യേകിച്ചും സ്വച്ഛവും സുരക്ഷിതവുമായ അന്തരീക്ഷം ഉണ്ടാക്കിക്കൊടുക്കുക എന്ന കേരള സർക്കാരിന്റെ നയപ്രകാരമാണ് കേരളത്തിൽ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത്. നമ്മുടെ രാജ്യത്തിന്റെ ഭാവി നിർണ്ണയിക്കുന്നതിൽ സുപ്രധാന ഘടകമായ കുട്ടികളുമായി ക്രിയാത്മകമായ ഒരു കൂട്ടായ്മ രൂപവൽക്കരിച്ചു കൊണ്ടും കുട്ടികളുടെ സംരക്ഷണത്തിനും വികസനത്തിനും ഉത്തരവാദപ്പെട്ട സർക്കാർ, സർക്കാരിതര സംവിധാനങ്ങളെ ഏകോപിപ്പിച്ചു കൊണ്ടും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഏറ്റവും നൂതനമായ പദ്ധതിയായ "ചിൽഡ്രൻ ആൻഡ് പോലീസ്" ന്റെ ആദ്യ സംരഭമാണ് ശിശു സൗഹൃദം പോലീസ് സ്റ്റേഷൻ.

അടുത്ത മൂന്ന് വർഷത്തിനകം സംസ്ഥാനത്തെ 482 പോലീസ് സ്റ്റേഷനുകളിലും ശിശു സൗഹൃദ ഇടങ്ങൾ സ്ഥാപിക്കുമെന്ന് വീഡിയോ കോൺഫറൻസിലൂടെ ചടങ്ങിൽ പങ്കെടുത്ത സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ അറിയിച്ചു. എ.ഡി.ജി.പിമാരായ ഡോ.ഷേയ്ക്ക് ദർവേഷ് സാഹിബ്, മനോജ് എബ്രഹാം, ഐ.ജിമാരായ ബൽറാം കുമാർ ഉപാധ്യായ, ഹർഷിത അത്തലൂരി, പി.വിജയൻ എന്നിവരും മുതിർന്ന ഓഫീസർമാരും ഓൺലൈൻ ചടങ്ങിൽ പങ്കെടുത്തു. യുണിസെഫ് ചെന്നൈ മേഖല സോഷ്യൽ പോളിസി മേധാവി ഡോ.പിനാകി ചക്രവർത്തി, സിനിമാ താരം പേളി മാണി എന്നിവർ ചടങ്ങിൽ പങ്കെടുത്ത് ആശംസകൾ നേർന്നു.


കുട്ടികൾക്കായി പ്രത്യേകം
തയ്യാറാക്കിയ സ്ഥലവും
സംവിധാനങ്ങളും
75 പോലീസ് സ്റ്റേഷനുകൾ കൂടി ശിശുസൗഹൃദമായി
KERALA POLICE
BOARD ROOM
'Polite Yet Firm'
സംസ്ഥാനതല ഉദ് ഘാടനം വീഡിയോ കോൺഫറൻസിലൂടെ


PTC Kerala
saifmohammed


CHILD FRIENDLY
POLICE CENTRE




OPPO F5 Youth
Kottarakkara
By Sunil Kumar


CHILD FRIENDLY
POLICE CENTRE



